# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3124**      **20/6/2014** ൽ മറുപടിയ്ക്ക്

## അപ്പർ കുട്ടനാട് മേഖലയിൽ പുറംബണ്ട് നിർമ്മിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഏതെല്ലാം മേഖലകളിലാണ് പുറംബണ്ട് നിർമ്മിച്ചു വരുന്നത്; | (എ) | നെടുമുടി, കൈനകരി, പുളിങ്കുന്ന്, നീലംപേരൂർ, പായിപ്പാട്, നാട്ടകം, കടത്തുരുത്തി, കോടംതുരുത്ത്, എഴുപുന്ന, പട്ടണക്കാട്, കുത്തിയതോട്, തുറവൂർ, തലയാഴം, തൈക്കാട്ടുശ്ശേരി, വയലാർ, മണ്ണഞ്ചേരി, മുഹമ്മ, തണ്ണീർമുക്കം, കല്ലറ, ചേന്നംപള്ളിപ്പുറം, പാണാവള്ളി, അരൂക്കുറ്റി, പെരുമ്പളം എന്നീ പഞ്ചായത്തുകളിലും ആലപ്പുഴ , ചേർത്തല മുനിസിപ്പാലിറ്റികളിലും ഉൾപ്പെട്ട പാടശേഖരങ്ങളുടെ പുറംബണ്ട് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മിച്ചു വരുന്നു. |
| (ബി) | അപ്പർ കുട്ടനാട് പ്രദേശങ്ങളായ പള്ളംതുരുത്തി, പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് പ്രദേശങ്ങളിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുറംബണ്ട് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് എന്നീ പഞ്ചായത്തുകളിലെ പാടശേഖരങ്ങളെ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | അപ്പർ കുട്ടനാട് മേഖലയിൽ ശക്തമായ പുറംബണ്ടില്ലാത്തതിനാൽ കൃഷിനാശം സംഭവിക്കുന്നത് തടയാൻ എന്തു നടപടി യാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | അപ്പർ കുട്ടനാട് മേഖലയിൽ ഉൾപ്പെട്ട നാട്ടകം, കടത്തുരുത്തി, കല്ലറ എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം കുട്ടനാട് പാക്കേജിന്റെ കെ.ഇ.എൽ-3 സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ചു വരുന്നു. ബാക്കി പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**